ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

12 (*160) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു ;

(ബി) പുതിയ ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങൾ വഴി എത്ര ക്ഷീരകർഷകരെ സഹകരണ ശൃംഖലയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതിയ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് വിശദമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 640.

(ബി) 65,000

(സി) മറ്റ് പ്രാഥമിക സഹകരണസംഘങ്ങളുടെ പ്രവർത്തനപരിധിയുമായി ഗതിവ്യാപനമില്ലാത്ത രണ്ട് ഗ്രാമപഞ്ചായത്ത് വാർഡുകൾ ഉണ്ടായിരിക്കണം. ഇതിൽ അഞ്ഞൂറ് പ്രജനനയുക്തമായ കന്നുകാലികൾ ഉണ്ടായിരിക്കണം.

(ഡി) പുതിയ ക്ഷീരസഹകരണ സംഘങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനും പ്രവർത്തന മൂലധനത്തിനും ജീവനക്കാരുടെ പരിശീലനം തുടങ്ങിയവയ്ക്കുമായി 25,000 രൂപ വീതം ക്ഷീരവികസന വകുപ്പിൽ നിന്നും സഹായമായി നൽകുന്നു.

പ്ലാസ്റ്റിക് ബാഗിന്റെ ഉപയോഗം

13 (*161) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്ലാസ്റ്റിക് ബാഗിന്റെ ഉപയോഗം നിരോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്രപേർക്കെതിരെ നടപടി എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 20 മൈക്രോണിൽ താഴെ കനമുള്ള തനതായതും പുനരുപയോഗം ചെയ്തതുമായ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. പുനഃരുപയോഗം ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് സഞ്ചികളിലും പാത്രങ്ങളിലും ആഹാര സാധനങ്ങൾ കൈകാര്യം ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്.

(ബി) നിരോധനം ലംഘിക്കുന്ന നിർമ്മാണശാലകൾ കണ്ടു പിടിച്ച് നിർമ്മാണം നിർത്തിവയ്ക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരോധനപ്രകാരമുള്ള വില്പനയും ഉപയോഗവും തടയുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധനം ലംഘിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പുനഃരുപയോഗ പ്ലാസ്റ്റിക് നിർമ്മാണവും ഉപയോഗവും ചട്ടങ്ങൾ 1999 പ്രകാരം പ്ലാസ്റ്റിക് നിർമ്മാതാക്കൾ സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ബാദ്ധ്യസ്ഥരാണ്.

(സി) വിവിധ കടകളിൽ പരിശോധന നടത്തിയ 9 കടകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാൽ ഉൽപ്പാദനച്ചെലവ്

14 (*162) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉൽപ്പാദനച്ചെലവ് കുറയ്ക്കുവാൻ എന്തെങ്കിലും പുത്തൻ സാങ്കേതികവിദ്യ ഡയറി ഡെലവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സാങ്കേതിക വിദ്യകളെപ്പറ്റി ക്ഷീരകർഷകരെ ബോധവാൻമാരാക്കിയിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം അക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുമോ ;

(ഡി) ഈ പുത്തൻ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുമൂലം പാലിന്റെ ഉൽപ്പാദനത്തിൽ എന്ത് വർദ്ധനവുണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയ്ക്ക് യോജിച്ച തരത്തിൽ 'മൊബൈൽ കറവയന്ത്രം' രൂപകല്പന ചെയ്ത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly